TB Movie Panel Weekly Review

**#moviepanel**

## സുന്ദരി ഗാർഡൻസ്

Written By : Jithin Sreedhar

Ott പ്ലാറ്റ്ഫോമുകൾ കാഴ്ചക്കാരന് അനുവദിക്കുന്ന 10 sec ന്റെ ഒരു ഫാസ്റ്റ് ഫോർവേഡ് സൗകര്യമുണ്ട്. സത്യത്തിൽ അതാണ് തീയറ്ററിൽ നിന്നും ott യിലേക്ക് എത്തുവാൻ സിനിമക്ക് വേണ്ടുന്ന സമയം എന്ന് തോന്നിയിട്ടുണ്ട്! ആ 10 സെക്കന്റിന്, കഴിഞ്ഞ 100 കൊല്ലം കൊണ്ട് ചിന്തിച്ചും, പരീക്ഷിച്ചും, പരാജയപ്പെട്ടും, വീണ്ടും പരിശ്രമിച്ചും ഒക്കെ ആർജിച്ചെടുത്ത സിനിമയുടെ പരമ്പരാഗത വ്യാകരണ നിയമങ്ങൾ അപ്പാടെ മാറ്റി മറിക്കാൻ കഴിയും എന്ന് പറഞ്ഞാൽ ആശ്ചര്യം വേണ്ട!

പറഞ്ഞു വരുന്നത് കഴിഞ്ഞ ദിവസം സോണി liv ൽ ഇറങ്ങിയ സുന്ദരി ഗാർഡൻസ് എന്ന സിനിമയെ പറ്റിയാണ്! നവഗതനായ ചാർളി ഡേവിസ് എഴുതി, സംവിധാനം ചെയ്തിരിക്കുന്ന ചിത്രത്തിൽ നീരജ് മാധവും, അപർണ്ണ ബാലമുരളിയും പ്രധാന വേഷങ്ങൾ കൈകാര്യം ചെയ്തിരിക്കുന്നു.

മധുര ജീവ രാഗം എന്ന അടുത്ത കാലത്ത് മലയാളത്തിൽ കേട്ട മികച്ച ഒരു ഗാനത്തിലൂടെ അതിമനോഹരമായി തുടങ്ങുന്ന സിനിമ, നായികയായ സുമയും, നായകൻ വിക്ടർ പോളും തമ്മിൽ പരിചയപ്പെടുന്നതും, തുടർന്ന് അവർക്ക് ഇടയിൽ ഉണ്ടാകുന്ന സൗഹൃദവും, പ്രണയവും, പരിഭവവും ഒക്കെ തന്നെയാണ് പറയുന്നത്. തരക്കേടില്ലാത്ത ഹാസ്യത്തിന്റെ മേമ്പൊടിയും കൂട്ടിനുണ്ട്. ഇരുവരുടെയും പരിസരം ഒക്കെ വ്യക്തമാക്കി സാവധാനത്തിൽ, സ്ക്രിപ്റ്റ് എഴുത്തിന്റെ പുസ്തകങ്ങളെ മനസ്സിൽ ധ്യാനിച്ച് എഴുതിയ തിരക്കഥ തീയറ്ററിൽ ആയിരുന്നെങ്കിൽ, ഒരു പക്ഷെ, നമ്മളെ കുറച്ചു കൂടി ആകർഷിച്ചേനെ! ഇവിടെ പക്ഷെ, കുഴപ്പം എന്തെന്നാൽ കാഴ്ചക്കാരന്റെ വിരൽ തുമ്പിൽ നേരത്തെ പറഞ്ഞ 10 സെക്കന്റിന്റെ 'വളഞ്ഞ അമ്പ്' ഉണ്ട് എന്നത് ആണ്. താല്പര്യം തോന്നാത്ത കോമഡി നമുക്ക് ഓടിച്ചു വിടാം, ഇഷ്ടപ്പെടാത്ത പാട്ടുകൾ നമുക്ക് ഓടിച്ചു വിടാം. അങ്ങനെ ചുരുക്കി പറഞ്ഞാൽ തീയറ്ററിൽ ഇറങ്ങിയിരുന്നേൽ ഫസ്റ്റ് ഹാൾഫ് കുറച്ചു ലാഗ് ഉണ്ട്, പടം കൊള്ളാം എന്നൊക്കെ പറയേണ്ടിയിരുന്ന ഒരു സിനിമ ott യിൽ ഇറങ്ങി, കാര്യമായ ചലനമൊന്നും ഉണ്ടാക്കാതെ പോകുന്ന അവസ്ഥ.

ഇതിന്റെ കൂടെ പല ഉപ കഥകളും കൃത്യമായി പറഞ്ഞു പോകാത്ത അവസ്ഥ കൂടി ആകുമ്പോൾ പറയേണ്ടല്ലോ. ഒരു പക്ഷെ, 2.30 മണിക്കൂർ സിനിമയെ ott ക്ക് വേണ്ടി 2 മണിക്കൂറിന് താഴെ എത്തിക്കാൻ ഉള്ള

തത്രപാടിൽ കട്ട് ചെയ്യപ്പോൾ ഉണ്ടായ പാകപിഴയാകാം. എന്തൊക്കെ പറഞ്ഞാലും, പ്രേക്ഷകനെ സംബന്ധിച്ച് സിനിമ എന്നാൽ അതിന്റെ ഫൈനൽ പ്രോഡക്റ്റ് ആണ്. അത് ചിന്തിച്ചു എടുക്കാൻ ഒരു വർഷം എടുത്തതാണോ, 1000 കോടി കൊടുത്തതാണോ എന്നതൊന്നും അവനറിയേണ്ടത് ഇല്ല. കാണുമ്പോൾ പൂർണ്ണമായും ഇഴുകി ചേർന്ന് ആസ്വാദിക്കാൻ കഴിയണം. അതിനപ്പുറം ഉള്ള ഒരു വിശദീകരണവും കേൾക്കാൻ അവന് സമയവും ഉണ്ടാകില്ല.

എന്നിരുന്നാലും, ചാർലിയും കൂട്ടുകാരും പ്രതീക്ഷ തരുന്നുണ്ട് എനിക്ക്. പറയാൻ ശ്രമിച്ച വിഷയം അത്ര മോശപ്പെട്ടത് ഒന്നും അല്ല എന്നത് തന്നെ കാരണം. Ott യുടെ അളവ് കൊലുകളെ അറിഞ്ഞു എഴുതിയിരുന്നെങ്കിൽ ഒരു പക്ഷെ, ഇപ്പോൾ ഉള്ള ഒരു ട്രെൻഡിന് പറ്റിയ സബ്ജക്ട് ആയിരുന്നു താനും. ഒരു സിനിമ എടുക്കാൻ ഉള്ള കഷ്ടപ്പാടിനെ അപ്പാടെ മറന്ന് ഒരു റേറ്റിങ് നൽകേണ്ടി വരുന്നതിൽ ഖേദമുണ്ട് എങ്കിലും, പ്രേക്ഷകൻ എന്ന നിലയിൽ 5/10 മാർക്ക് നല്കി തൽക്കാലം നിർത്തുന്നു! തനിക്ക് പറ്റിയ തെറ്റുകളെ മനസ്സിലാക്കി, ഇതിലും മികച്ച ഒരു സിനിമയും ആയി വീണ്ടും വരാൻ കഴിയട്ടെ എന്ന് ആശംസിച്ചു കൊണ്ട് നിർത്തുന്നു. നന്ദി!